I/40499/2023

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ: ജീവനക്കാര്യം- സ്പെഷ്യാലിറ്റി കേഡർ-ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. സ്മിജി.ടി.കെ നിയമന ഉത്തരവിനായി കാത്തു നിന്ന കാലയളവ് ക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഉത്തരവ് നം. ഇ.എ 1-11076/2022/ആ.വ.ഡ തീയതി 11.10.2022
2. കത്ത് നം.എ1-2661/2023/ജി.മെ.ഓ(ആ), കോഴിക്കോട് തീയതി 25.03.2022
3. Circular No. 44/2022/Fin. dated 09.06.2022

**ഉത്തരവ് നം ഇ.എ1-7115/2023/ആ.വ.ഡ തീയതി :25-04-2023**

ആരോഗ്യ വകുപ്പിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. സ്മിജി.ടി.കെ, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതന അവധിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 04.05.2022 മുതൽ 13.10.2022 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടു പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ആരോഗ്യ വകുപ്പിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സേവനത്തിലിരിക്കെ 03.05.2019 മുതൽ 03.05.2022 വരെയുള്ള കാലയളവിലേക്ക് ഉപരി പഠനാർത്ഥമുള്ള ശൂന്യ വേതന അവധിയിൽ പ്രവേശിച്ച ഡോ. സ്മിജി.ടി.കെ, 14.03.2022 നാണ് പുനർനിയമനം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സർപ്പിച്ചിരിക്കുന്നത്. എന്നാൽ ടി കാലയളവിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ന്റെ ഒഴിവുകളൊന്നും നിലവിലുണ്ടായിരുന്നില്ല. ആയതിനാൽ ടിയാരിയ്ക്ക് 11.10.2022 ന മാത്രമാണ് നിയമന ഉത്തരവ് നൽകിയത്. ആയതിൻ പ്രകാരം 14.10.2022 ന ടിയാരി തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു.

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരമുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഡോ. സ്മിജി.ടി.കെ, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതന അവധിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 04.05.2022 മുതൽ 13.10.2022 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.അവധി അനുവദിക്കുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേണ മേലധികാരിയ്ക്കു സമർപ്പിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 25-04-2023 09:17:53

ഒപ്പ്
ഡോ. റീന കെ.ജെ.
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. സ്മിജി.ടി.കെ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), ജില്ലാ ആശുപത്രി, വടകര, കോഴിക്കോട്

പകർപ്പ് :
1. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ, കോഴിക്കോട്
3. സൂപ്രണ്ട് , ജില്ലാ ആശുപത്രി, വടകര, കോഴിക്കോട്
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

I/40499/2023